പ്ലാപ്പറമ്പിൽ റവ. ഫാ. കെ.കെ. ജോർജ്ജ് കശ്ശീശായുടെ
അനുസ്മരണ പതിപ്പ്

ആത്മനാദം
Voice from the soul

MANNA Publication maraprem youth.blogspot.com ലക്കം 12 2 ജൂലൈ 2011

ഇടവകയുടെ തണൽമരത്തിന് സ്നേഹാഞ്ജലികൾ

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്ന്

No: 176/2011

നമ്മുടെ പരിയാരം മാർ അപ്രേം പള്ളി വികാരിയും ദേശത്തും പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

പ്രിയരേ,

മാതൃകാ യോഗ്യനായ പുരോഹിതൻ, അടിയുറച്ച ഓർത്തഡോക്സ് വിശ്വാസസംരക്ഷകൻ, ഉദാരമതിയായ പിതാവ്, നിഷ്പക്ഷവതിയായ നേതാവ്, ഉത്തമ ഭരണാധികാരി, അനുകരണീയനായ ഗുരു എന്നീ നിലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച ഒരു സന്യാസവര്യനായിരുന്നു ആദരണീയനായ പ്ലാപ്പറമ്പിൽ കെ.കെ. ജോർജ്ജ് അച്ചൻ. ഇടവകാംഗങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും അറിയാമായിരുന്ന വന്ദ്യനായ അച്ചൻ അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും, ഉപദേശങ്ങളും നൽകുന്നതിൽ സദാ ജാഗരൂഗനായിരുന്നു.

മാതൃ ഇടവകയ്ക്കും, 53 വർഷക്കാലം താൻ ശുശ്രൂഷിച്ച പൊങ്ങന്താനം സെ. തോമസ് പള്ളിക്കും അദ്ദേഹം ചെയ്തിട്ടുള്ള നിസ്വാർത്ഥ സേവനങ്ങൾ അങ്ങേയറ്റം ശ്ലാഘനീയമാണ്.

ഇന്നത്തെ തലമുറയ്ക്കുള്ള ഒരു ഉത്തമമാതൃകയാണ് ബഹു. അച്ചൻ. അച്ചന്റെ ജീവിതത്തിലെ ശ്രേഷ്ഠ ഭാവങ്ങൾ നമുക്ക് പിൻതുടരാം.

അച്ചന്റെ പുണ്യാത്മാവിന് നിത്യശാന്തിനേർന്നുകൊണ്ട്,

കുറിയാക്കോസ്

2011 ജൂൺ 24 — മാർ ഗ്രീഗോറിയോസ് സെന്ററിൽ നിന്ന്

വല്യച്ചൻ; ശ്രേഷ്ഠ ഇടയന്റെ വാക്കുകളിൽ....

നി.വ.ദി.ശ്രീ. മോറോൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ

ഒരു നൂറ്റാണ്ടുകാലം ഈ ലോകത്ത് ജീവിച്ച് നമ്മുടെ കർത്താവിന്റെ മുന്തിരിതോട്ടത്തിൽ ശുശ്രൂഷ ചെയ്ത് ഈ ലോകത്തോട് വിടപറഞ്ഞ് സ്വർഗ്ഗരാജ്യത്തിലേയ്ക്ക് പ്രവേശിക്കത്തക്കവണ്ണമുള്ള ഒരു സന്ദർഭം ലഭിച്ച വളരെ വന്ദ്യനും മാതൃകാപരമായ ജീവിതം നയിച്ച പിതാവുമായ ബഹു. ജോർജ്ജ് അച്ചന്റെ വേർപാടിന്റെ ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

നമ്മുടെ സഭയിലെ പ്രായമുള്ള വൈദികർ, ആചാര്യശ്രേഷ്ഠന്മാർ നമ്മോടു വിടപറയുമ്പോൾ സഭയെ സംബന്ധിച്ചിടത്തോളം ഇത് തീരാനഷ്ടമാണ്.

പരമ്പരാഗത ശുശ്രൂഷയുടെ മഹത്വം മനസ്സിലാക്കി ജീവിതം നയിച്ച വൈദികനാണ് ഈ ആചാര്യൻ. 50 വർഷത്തിലേറെ ദേവാലയങ്ങളുടെ ഭരണഘടനാപരമായ ചുമതല വഹിക്കുവാൻ തക്കവണ്ണം അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവം ഇടയാക്കി എന്നുള്ളത് നിസ്സാരകാര്യമായി ഞാൻ കരുതുന്നില്ല. നമ്മുടെ സഭയിലെ ഓരോ ദേവാലയങ്ങളും വൈദികരോടു ഇണങ്ങുകയും പിണങ്ങുകയും ചെയ്യുന്ന രീതിയാണ് നമുക്കുള്ളത്. പക്ഷേ വന്ദ്യനായ ജോർജ്ജ് അച്ചനെ ഈ ദേവാലയത്തിൽ വിശ്വാസികൾ ഒക്കെ അദ്ദേഹത്തിന്റെ കീഴിൽ സ്വന്തം മക്കളെ പോലെ അദ്ദേഹത്തോട് ചോദിച്ച്, അദ്ദേഹത്തിന്റെ മനസ്സറിഞ്ഞ് പ്രവർത്തിക്കുവാൻ തക്കവണ്ണമുള്ള ആർജ്ജവും ഈ ഇടവകയിൽ കണ്ടിട്ടുണ്ട്. ഇന്നത്തെ യുവവൈദികർക്കും അത്മായർക്കും അദ്ദേഹത്തിന്റെ ജീവിതം ഒരു സന്ദേശമാണ്.

വെള്ളത്തിനാലും ആത്മാവിനാലും അനേകരെ വീണ്ടും ജീവിപ്പിച്ചതുകൊണ്ട് തന്നെ ഈ ആചാര്യനെ 'പിതാവേ' എന്നു സംബോധന ചെയ്യുന്നത് ഉചിതം തന്നെ.

"ഞാൻ ഇവിടെ വന്ന സമയത്ത് ഒരു കൊച്ചച്ചൻ ഉണ്ടായിരുന്നു. അദ്ദേഹം എന്തു വിധേയത്വത്തോടെയാണ് ജോർജ്ജച്ചന്റെ മുൻപിൽ വരുന്നതും അദ്ദേഹത്തോട് ആശയങ്ങൾ പങ്കുവയ്ക്കുന്നതും." ഇതുപോലെ തന്നെയാണ് ഇടവകജനങ്ങളും അച്ചനെ സമീപിച്ചിരുന്നത്. ഇതു അച്ചനു നൽകിയ ബഹുമതിയുടെ ബഹിർസ്പുരണമാണ്.

അദ്ദേഹം നമുക്ക് വേണ്ടി അനേകം പ്രാർത്ഥിച്ചിട്ടുണ്ട്. അനേകരെ വീണ്ടും ജീവിപ്പിച്ചിട്ടുണ്ട്. അനേകരെ നന്മയുടെ വഴിയിലേയ്ക്ക് കൈപിടിച്ച് നടത്തിയിട്ടുണ്ട്. പ്രതിസന്ധിയിൽ അനേകരെ സഹായിച്ചിട്ടുണ്ട്.

അദ്ദേഹം നമുക്ക് വേണ്ടിയും നാം അദ്ദേഹത്തിനു വേണ്ടിയും പ്രാർത്ഥിക്കാം.



ഒരു മനുഷ്യായുസ്സ് മുഴുവൻ നമ്മെ നയിച്ച സൂര്യതേജസ്സിനു കണ്ണീരോടെ വിട!!!

പരിയാരം മാർ അപ്രേം പള്ളിയുടെ ചരിത്രത്തിന്റെ ഒരു കാലഘട്ടം അവസാനിക്കുന്നു. നമ്മുടെ ഇടവകയെ ഔന്നത്യങ്ങളിലെത്തിച്ച നമ്മുടെ പ്രിയപ്പെട്ട ആചാര്യശ്രേഷ്ഠർ നമ്മെ വിട്ടുപിരിഞ്ഞു. 22/11/1949-ൽ ബഹു. വല്യമണ്ണിലച്ചനും 4/11/1977-ൽ ബഹു കൈതളാവിലച്ചനും 11/07/1986-ൽ ബഹു. പുത്തോട്ടുകടുപ്പിലച്ചനും ഇപ്പോഴിതാ നമ്മുടെ പ്ലാപ്പറമ്പിലച്ചനും നമ്മെ പിരിഞ്ഞ് സ്യഷ്ടാവിന്റെ സന്നിധിയിലേക്ക് യാത്രയായിരിക്കുന്നു. ഈ ഇടവകയെ എത്രമാത്രം അവർ സ്നേഹിച്ചിരുന്നു എന്ന് പറയാതെ തന്നെ എല്ലാവർക്കും അറിയാവുന്നതാണ്. ഒരുമയോടെ ഒറ്റകുടുംബമായി നമ്മെ നയിച്ച ആ പിതാമഹന്മാരുടെ ഓർമ്മയ്ക്കു മുമ്പിൽ നമുക്ക് സാഷ്ടാംഗ പ്രണാമം ചെയ്യാനെ ഇനി സാദിക്കൂ. ആചാര്യത്വത്തിന്റെ മകുടോദാഹരണങ്ങളായ നാലു വന്ദ്യപിതാക്കളും അദൃശ്യരായി നമ്മെ കാത്തു പരിപാലിക്കും. കണ്ണിലെ കൃഷ്ണമണിയെപ്പോലെ ഇടവകജനങ്ങളെ സ്നേഹിച്ച ആചാര്യന്മാർ ദേഹികൊണ്ടു വിദൂരസ്ഥരെങ്കിലും ആത്മാവിനാൽ നമ്മോടൊപ്പം ഉണ്ടായിരിക്കും. വരും തലമുറകളും ഇടവകയുടെ ഈ പ്രിയപ്പെട്ട പിതാക്കന്മാരെ എക്കാലവും അഭിമാനത്തോടെ നെഞ്ചിലേറ്റും. അവർ കാട്ടിത്തന്ന വഴി ഒത്തിണക്കത്തോടെ പിൻതുടർന്നാൽ നമ്മുടെ തോട്ടയ്ക്കാട് ഇടവക ഏറ്റം അനുഗ്രഹീതമായിതീരും.

ഇടവകയുടെ തണൽമരം വീണു.
2011 ജൂൺ 3 വെള്ളി. തോട്ടയ്ക്കാട് ഇടവകയുടെ ദുഃഖവെള്ളി

2011 ജൂൺ 3 വെള്ളിയാഴ്ച രാവിലെ 8 മണിക്ക് നമ്മുടെ പ്രിയങ്കരനായ വല്യച്ചൻ തോട്ടയ്ക്കാടിനെ കണ്ണീരിലാഴ്ത്തികൊണ്ട് നമ്മോടു യാത്ര പറഞ്ഞു. ആ വന്ദ്യപിതാവിന്റെ മരണവാർത്ത നാടിനെ വേദനയിലാഴ്ത്തി. ഈ നാട്ടുകാരും മറു നാട്ടുകാരും എല്ലാം മറന്ന് ഓടിയെത്തി. വിവിധ സഭാവിശ്വാസികളും വിവിധ പള്ളിക്കാരും മറ്റ് സമുദായാംഗങ്ങളും 99 കാരനായ വത്സല പിതാവിന്റെ സന്നിധിയിലെത്തി അന്ത്യോപചാരം അർപ്പിച്ചു.

വെള്ളിയാഴ്ചയും ശനിയാഴ്ചയും നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും ആബാലവൃന്ദം പ്ലാപ്പറമ്പിലെത്തി എല്ലാവരുടേയും വല്യപ്പച്ചനായ പ്ലാപ്പറമ്പിലച്ചന് വിങ്ങുന്ന ഹൃദയത്തോടെ ആദരവ് അർപ്പിച്ചു. വിവിധ സഭാ പുരോഹിതന്മാരും, കന്യാസ്ത്രീകളും, രാഷ്ട്രീയ നേതാക്കളും, മന്ത്രിമാരും, എം.എൽ.എ. മാരും രാഷ്ട്രീയ സാമൂഹിക നേതാക്കളും വെള്ളിയും ശനിയുമായി ഭൗതികശരീരത്തിൽ പുഷ്പചക്രം സമർപ്പിച്ചു. ഞായറാഴ്ച രാവിലെ 9 മണിക്ക് ഭവനത്തിലെ ശുശ്രൂഷയ്ക്ക് ശേഷം നഗരികാണിക്കൽ തുടർന്ന് 3 മണിക്ക് സംസ്കാരം എന്ന തീരുമാനത്തോടെ ഇടവകയിലെ മുഴുവൻ ആളുകളും പള്ളിയും പരിസരവും സജ്ജമാക്കി. ഏറ്റം മനോഹരമായ അന്ത്യയാത്രയ്ക്കായി ഒത്തൊരുമയോടെ ഇടവകാംഗങ്ങൾ ഒരുക്കങ്ങൾ ചെയ്തു.

ആർത്തലയ്ക്കുന്ന ചെങ്കടലിനെ രണ്ടായി വിഭജിച്ചവൻ ഞായറാഴ്ച വെളുപ്പിനെ മുതൽ ആരംഭിച്ച പ്രകൃതിയുടെ കോരിച്ചൊരിയുന്ന മഴയെ കൃത്യം 8.00 മണിക്ക് പിടിച്ചു നിർത്തി.

05/06/2011 വെളുപ്പിനെ മുതൽ ആരംഭിച്ച ആർത്തലയ്ക്കുന്ന മഴ. എല്ലാ ഒരുക്കങ്ങളും മഴയിൽ കുതിർന്നു പോകുന്ന നിശ്ചലമായ മരവിപ്പ് എല്ലാവരുടേയും മുഖങ്ങളെ മ്ലാനമാക്കി. എന്നാൽ വിശുദ്ധ ത്രോണോസിന്റെ കൽപടികളെ ചവിട്ടിയിട്ടുള്ള ഈ പ്രിയപ്പെട്ട സന്യാസാചാര്യന്റെ ശുശ്രൂഷകളിൽ പ്രസന്നനായ സ്വർഗസ്ഥപിതാവ് ആകാശത്തിന്റെ വാതായനങ്ങളെ അടച്ച് തോട്ടയ്ക്കാട് ഇടവകയെ അനുഗ്രഹിച്ചു. 8 മണിക്ക് പൂർത്തിയായ വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം പ്രകൃതി കൂടുതൽ പ്രശോഭിതമായി. തുടർന്ന് വന്ദ്യപിതാവിന്റെ ഭവനത്തിലെ ശുശ്രൂഷകൾ ആരംഭിച്ചു. ഇക്കാലമത്രയും താൻ വസിച്ച ഭവനത്തോടും, കിടക്കയോടും, ഊന്നുവടിയോടും, സന്തതസഹചാരിയായ കാലൻ കുടയോടും, പുൽചെടികളോടും, മൺതരികളോടും തന്റെ പ്രിയപ്പെട്ട കുടുംബാംഗങ്ങളോടും യാത്രപറഞ്ഞ് 99 വർഷക്കാലം സഞ്ചരിച്ച പാതകളിൽകൂടി ഒരു തിരിച്ചുപോക്ക്! നിത്യ വിശ്രമസ്ഥാനത്തേക്ക്.....

തുടർന്ന് 9 മണിയോടെ നഗരികാണിക്കൽ ചടങ്ങ് ആരംഭിച്ചു. നേരത്തെ കുർബ്ബാന പൂർത്തീകരിച്ച് പൊങ്ങന്താനം ഇടവക ഒന്നാകെ ഈ വത്സല പിതാവിനെ അവരുടെ സ്വന്തം ഇടവകയിലേയ്ക്കു കൊണ്ടുപോകുവാൻ എത്തി

ശേഷം 4-ാം പേജിൽ

വല്ല്യച്ചൻ - ഒരു നേർകാഴ്ച

ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ
(OCYM വൈസ്പ്രസിഡന്റ്)

ഒരാളുടെ ജീവിതം ഈ ഭൂമിയിൽ പൂർണ്ണമാകുമ്പോൾ അദ്ദേഹം അവശേഷിപ്പിച്ച മൂല്യങ്ങളിലൂടെ വീണ്ടും ചരിത്രത്തിൽ അദ്ദേഹം ജനിക്കുകയും നില നിൽക്കുകയും ചെയ്യുന്നു. ഒരു ശതാബ്ദക്കാലം ഈ ഭൂമിയിൽ ജീവിച്ച വന്ദ്യ പ്ലാപ്പറമ്പിൽ അച്ചന്റെ ജീവിതത്തെ മൂന്നേമുക്കാൽ വർഷം അച്ചനോടൊപ്പമുള്ള എന്റെ ശുശ്രൂഷകാലത്തിലൂടെ സത്യസന്ധമായി നോക്കിക്കാണുന്നതിനുള്ള ശ്രമമാണ് ഈ അക്ഷരക്കൂട്ടം. തന്റെ നിയോഗത്തിലുള്ള പൂർണ്ണസമർപ്പണമാണ് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ വലിയസമ്പത്ത്. ഒരു ഇടവകവികാരിയുടെ കടമയും അന്തസ്സും എല്ലാം അർത്ഥത്തിലും അദ്ദേഹം കാത്തുസൂക്ഷിച്ചു. അനാവശ്യമായി ആരുടെ മുൻപിലും തല കുനിക്കാത്ത അദ്ദേഹം കാപട്യമില്ലാത്ത സ്നേഹബന്ധങ്ങൾക്ക് കീഴടങ്ങിയിരുന്നു. **ഇടവകാംഗങ്ങൾ തമ്മിലുള്ള ഐക്യം അദ്ദേഹത്തിന്റെ ജീവിതത്തിലെ മുന്തിയ പരിഗണനയായിരുന്നു.**

സഭയോടും സഭയുടെ ഭരണഘടനകൾക്കും വിധേയമായ ഒരു ഭരണശൈലി അദ്ദേഹം പാലിച്ചിരുന്നു. അതോടൊപ്പം മാനുഷികമൂല്യങ്ങൾക്ക് വേണ്ടി നിയമങ്ങൾ തടസമായി കണ്ടിരുന്നില്ല. അദ്ദേഹം ദീർഘകാലം സേവനം അനുഷ്ഠിച്ച് പൊങ്ങന്താനം പള്ളിയുടെ സമീപത്തുള്ള ഇതരസഭയുടെ വൈദികരുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ വളരുന്നതിന് മുമ്പേ അദ്ദേഹം ശ്രമിച്ചിരുന്നു.

പരിസ്ഥിതി സൗഹൃദ ജീവിതശൈലി അദ്ദേഹത്തിന്റെ ദീർഘദർശനമായി കാണാം. മാർ അപ്രേം പള്ളിയുടെ സെമിത്തേരി വർഷങ്ങൾക്ക് മുമ്പേ ഒരു '*പുനരുത്ഥാന പൂന്തോട്ട*'മായി അദ്ദേഹം വിഭാവനം ചെയ്തിരിരുന്നു. ആ പൂന്തോട്ടം ഭംഗിയായി കാത്തുസൂക്ഷിക്കുവാൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. അതുപോല അദ്ദേഹത്തിന്റെ താമസ സ്ഥലത്ത് എപ്പോഴും പൂക്കളുടെ സാന്നിധ്യവും സൗഹൃദവും നിലനിർത്തിയിരുന്നു. ലളിതജീവിതം, സാമ്പത്തിക അച്ചടക്കം, നിരീക്ഷണ പാടവം ഇവ അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. ഗുരുക്കന്മാരോടുള്ള ആദരവും ബഹുമാനവും എക്കാലവും കാത്തുസൂക്ഷിച്ചിരുന്നു. വാർദ്ധക്യത്തിന്റെ അവസ്ഥയിലും ഇടവകയിലെ യുവസമൂഹത്തെ സ്വാധീനിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

മരണത്തിനുവേണ്ടി അദ്ദേഹം ഒരുങ്ങിയിരുന്നു. അദ്ദേഹത്തിന്റെ കബറിടം 4 വർഷം മുമ്പ് നിർമ്മിച്ചത് അദ്ദേഹത്തിന്റെ താത്പര്യത്തിലായിരുന്നു. അതുപോലെ അദ്ദേഹത്തിന്റെ ദീർഘകാലത്തെ ശുശ്രൂഷ കാലയളവിൽ അദ്ദേഹം കല്ലിടുകയും കൂദാശ നിർവ്വബഹിക്കുകയും ചെയ്ത സൺഡേസ്കൂൾ – ഓഫീസ് സമുച്ചയം അദ്ദേഹത്തിന്റെ അതുല്യ സ്മാരകമാണ്. വന്ദ്യ അച്ചന്റെ സേവനം എക്കാലവും വില മതിക്കുന്നതാണ്.

വ്യക്തിപരമായി ഒരുവാക്ക് : വൈദികശുശ്രൂഷയിൽ പ്രവേശിച്ച് രണ്ടര വർഷം കഴിഞ്ഞപ്പോഴാണ് വല്ല്യച്ചനോടൊപ്പം പ്രവർത്തിക്കുവാൻ നിയോഗം ലഭിച്ചത്. പ്രോത്സാഹനവും തിരുത്തലുകളും വാത്സല്യവും നൽകിയ അച്ചനോടൊപ്പമുള്ള വർഷങ്ങൾ എന്റെ ജീവിതത്തിലെ വലിയ സമ്പത്തും അനുഗ്രഹവുമായി കരുതുന്നു. ആദരാഞ്ജലികൾ.

വന്ദ്യനായ പ്ലാപ്പറമ്പിലച്ചൻ ഉത്തമ ഗുരുനാഥൻ

ഡീ. എബ്രഹാം ഫിലിപ്പ്
ചിറത്തലയ്ക്കൽ, ഓതറ ദയറ



"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ". (എബ്രായർ 13.7)

ഈ ലോകജീവിതം ദൈവം നമുക്ക് നല്കിയിരിക്കുന്നത് ദൈവത്തിന്റെ ഹിതം നാം ഓരോരുത്തരിലും കൂടി നിറവേറ്റപ്പെട്ട്, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകുക എന്ന കർതൃപ്രാർത്ഥനയുടെ പൂർത്തികരണമായിട്ടാണ്. വന്ദ്യനായ ഫാ. കെ.കെ. ജോർജ്ജ് പ്ലാപ്പറമ്പിൽ എന്ന നമ്മുടെ വല്യച്ചനെകുറിച്ച് സ്മരിക്കുമ്പോൾ 99 വർഷക്കാലം ദൈവത്തിന്റെ ഇഷ്ടം നിറവേറ്റി ഈ ലോകത്ത് ജീവിച്ചു. അച്ചനിൽകൂടി ദൈവത്തിന്റെ ഉദ്ദേശ്യം പൂർണ്ണമായി തികയ്ക്കുവാൻ സാധിച്ചു എന്നതിന് യാതൊരു സംശയവുമില്ല.

ലത്തീൻ ഭാഷയിൽ "പുരോഹിതൻ" എന്ന വാക്കിനർത്ഥം "പാലം" എന്നാണ്. അകന്നു നില്ക്കുന്ന ഇരുകരകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് പാലം. വന്ദ്യനായ വല്യച്ചൻ തന്റെ പൗരോഹിത്യ ജീവിതത്തിന്റെനാളുകൾ തീർത്തും ഈ പദത്തിന്റെ അർത്ഥത്തിനൊത്ത് ജീവിച്ചു എന്ന് നമുക്ക് മനസ്സിലാക്കാം.

എളിയവനായ എന്റെ വ്യക്തിപരമായ ജീവിതത്തിന്റെ വളർച്ചയ്ക്ക് വന്ദ്യനായ അച്ചനിൽ നിന്നും ലഭിച്ചിട്ടുള്ള പ്രോത്സാഹനങ്ങൾ അനവധിയാണ്. സന്യാസത്തിന്റെ പാത തിരഞ്ഞെടുത്തപ്പോൾ അതിനൊരു ഉത്തമമാതൃകയായി വന്ദ്യ അച്ചനെയാണ് ഞാൻ കണ്ടത്.

ഓതറ ദയറായിലെ അംഗമായിപോകുന്ന സന്ദർഭത്തിൽ വന്ദ്യ അച്ചനിൽനിന്നും ലഭിച്ച അനുഗ്രഹവാക്കുകളും ഉപദേശങ്ങളും എന്റെ ആത്മീയ ജീവിതത്തിലെ ഏറ്റവും വിലയേറിയ മുത്തുകളും, രത്നങ്ങളുമായി ഞാൻ സൂക്ഷിക്കുന്നു. തന്റെ പൗരോഹിത്യ ജീവിതത്തിന്റെ വെളിച്ചത്തിൽ പ്രത്യേകാൽ പൊങ്ങന്താനം സെന്റ്. തോമസ് ദേവാലയത്തിലെ തന്റെ ശുശ്രൂഷയുടെ അനുഭവത്തിൽ വന്ദ്യ അച്ചൻ പറഞ്ഞുതന്ന ഉപദേശങ്ങൾ ഒരു പ്രവാചകശബ്ദം പോലെ കാതുകളിൽ മാറ്റൊലികൊള്ളുന്നു.

മറ്റ് സഹോദരീ സഭാംഗങ്ങളോട് പുലർത്തേണ്ട സ്നേഹബഹുമാനങ്ങൾ എപ്രകാരമായിരിക്കണമെന്നും, ഇടവക ജനത്തെ എപ്രകാരം ശുശ്രൂഷിക്കണമെന്നും, ഒരു ദേവാലയം അധിവസിക്കുന്ന പ്രദേശത്തിലെ നാനാജാതി മതസ്ഥരെ ദൈവത്തിങ്കലേയ്ക്ക് ആനയിക്കുന്നതിന് പുരോഹിതൻ എന്ന നിലയിൽ നമ്മെ കാണുന്നവർ ദൈവമുഖത്തെ തന്നെയാണ് കാണുന്നതെന്നും ആ വലിയ തിരിച്ചറിവിൽ നാം ജീവിക്കണം എന്നും സ്നേഹത്തോടെയുള്ള ഉപദേശങ്ങൾ, അച്ചനിൽ നിന്നും ലഭിച്ചപ്പോൾ "ആയിരം പൊൻവെള്ളി നാണ്യത്തേക്കാൾ നിന്റെ വായിൽ നിന്നുള്ള ന്യായപ്രമാണം എനിക്കുത്തമം", എന്ന് സങ്കീർത്തനവചനം പ്രാർത്ഥിക്കാനും, പറയുവാനും ഞാൻ ഇഷ്ടപ്പെടുന്നു.

നീതിമാനെകുറിച്ചുള്ള ഓർമ്മ വാഴ്വിനായിതീരട്ടെ. വന്ദ്യ അച്ചന്റെ ജീവിതം മുഖാന്തിരം നമ്മുടെ ജീവിതവും, വിശുദ്ധിയും, പടവുകളിലേക്ക് ഉയരുവാനും, ദൈവത്തെ പ്രസാദിപ്പിക്കുവാനും ഇടയാകട്ടെ എന്ന പ്രാർത്ഥനയോടെ,
"ആചാര്യേശാ മ്ശിഹാ കുദാശകളർപ്പിച്ചോ ഈ ആചാര്യനേകുകപുണ്യം നാഥാ സ്തോത്രം

വന്ദ്യനായ പ്ലാപ്പറമ്പിലച്ചൻ സ്മരണകളിലൂടെ

ഫാ. ജേക്കബ് വർഗീസ്
പൊങ്ങന്താനം സെന്റ് തോമസ് പള്ളി,
വികാരി

2009 മെയ് 16-ാം തീയതി പൊങ്ങന്താനം പള്ളിയുടെ വികാരിയായി ഇടവ കമെത്രാപ്പോലീത്തയുടെ കല്പന ലഭിച്ചു. ഇക്കാര്യം വന്ദ്യനായ ഗുരുനാഥൻ റ്റി. ജെ. ജോഷ്വ അച്ചനെ അറിയിക്കുവാൻ ചെന്നപ്പോൾ അച്ചൻ നിർദ്ദേശിച്ചു............ '**പ്ലാപ്പറമ്പിലച്ചന്റെ ദേവാലയമാണ് പൊങ്ങന്താനം പള്ളി**, അച്ചനെ പോയി കാണണം. ഇപ്പോൾ അനാരോഗ്യമാണ് എങ്കിലും അച്ചനെ കണ്ടതിന് ശേഷമേ ചുമതല എടുക്കാവൂ".

ബഹു. ഗുരുവിന്റെ വാക്കുകൾ ശിരസ്സാവഹിച്ച് 2009 ജൂൺ 5-ാം തീയതി വെള്ളിയാഴ്ച അച്ചനെ ചെന്ന് കണ്ടു. അന്നാണ് ഞാൻ ആദ്യമായി അച്ചനെ കാണുന്നത്. വാത്സല്യത്തോടെയുള്ള ദീർഘനേരത്തെ സംഭാഷണശേഷം അച്ചൻ 4 കാര്യങ്ങൾ എന്നോട് നിർദ്ദേശിച്ചു.

1. നിർമ്മിക്കുവാൻ പോകുന്ന ധ്യാനമന്ദിരം പള്ളിയുടെ തെക്കുവശത്തുള്ള സ്ഥലത്ത് മാത്രമേ നിർമ്മിക്കാവൂ.
2. വൈദികരെ സംസ്കരിക്കുവാൻ പ്രത്യേകസ്ഥലം ഇപ്പോഴത്തെ സെമിത്തേരിയുടെ കിഴക്കുവശത്തായി നിർമ്മിച്ച് വന്ദ്യനായ കാട്ടാംപാക്കൽ കെ.വി. തോമസ് അച്ചന്റെ കബർ അവിടേയ്ക്ക് മാറ്റണം. എനിക്ക് അതിന് സാധിച്ചില്ല. അച്ചന് പറ്റുമെങ്കിൽ ചെയ്യണം.
3. അച്ചന്റെ മനസ്സാക്ഷിക്ക് നല്ലതെന്ന് തോന്നുന്ന കാര്യങ്ങൾ എല്ലാം പള്ളിയിൽ ചെയ്യണം. ജനം പലവിധമാണ്. എങ്കിലും നല്ല കാര്യം ചെയ്യണം.
4. One Personal talk is more than better from hundred public speech.

2011 ജൂൺ 5 ഞായൻ വന്ദ്യനായ അച്ചന്റെ ഭൗതികശരീരം പൊങ്ങന്താനം പള്ളിയിൽ കൊണ്ടുവന്നു. ബലഹീനനായ ഞാൻ പള്ളിയുടെ വികാരിയായിട്ട് 2 വർഷം പൂർത്തിയായി. വന്ദ്യനായ അച്ചൻ നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പിലാക്കുവാൻ സാധിച്ചത് അച്ചന്റെ അനുഗ്രഹമാണ്. അത് സാധിച്ചതിൽ അതിയായ സന്തോഷവും ഉണ്ട്.

ബഹു അച്ചനുമായി ഇടപെട്ടതിൽ നിന്നും ഞാൻ മനസ്സിലാക്കിയ 2 കാര്യങ്ങൾ

1. എപ്പോഴും പൗരോഹിത്യ വേഷത്തിൽ തന്നെ നിലകൊണ്ട ഒരു വൈദികൻ....
2. ആതിഥ്യമര്യാദ പൂർണ്ണമായി നിറവേറ്റിയ ആചാര്യൻ...

വന്ദ്യനായ അച്ചൻ പണികഴിപ്പിച്ച ഈ ദേവാലയത്തിൽ ശുശ്രൂഷിക്കുവാൻ അവസരം ലഭിച്ചത് ഒരു മഹാഭാഗ്യമായി കരുതുന്നു. 2011 ജൂൺ 5 ന് പൂർണ്ണമായും മനസ്സിലായി ഇദ്ദേഹം ഒരു ദിവ്യപുരുഷനായിരുന്നെന്ന്.കാരണം ബഹു. അച്ചന്റെ ശവസംസ്കാരദിനം രാവിലെ 6 മണിക്ക് ഇവിടെ വി. കുർബാന ആരംഭിച്ചു. തിമിർത്ത് പെയ്യുന്ന മഴ.... എന്നാൽ താൻ സ്നേഹിച്ച പൊങ്ങന്താനം ഇടവകയിൽ അവസാനമായി വന്നപ്പോൾ പ്രകൃതി പോലും നിശബ്ദമായി.... അനുകൂലമായ കാലാവസ്ഥ........ അത് നഗരി കാണിക്കൽ ആരംഭിച്ചപ്പോൾ മുതൽ കബറടക്കം കഴിയുന്നതുവരെ...... തീർച്ചയായും വന്ദ്യനായ പ്ലാപ്പറമ്പിൽ അച്ചൻ ഒരു ദിവ്യപുരുഷനായിരുന്നു.

..... വന്ദ്യ ആചാര്യാ..........
സമാധാനത്താലെ പോകുക....

വന്ദ്യനായ പ്ലാപ്പറമ്പിൽ കെ.കെ. ജോർജ്ജ് അച്ചൻ ഓർമ്മകളും അനുഭവങ്ങളും

എം. റ്റി. മർക്കോസ്
മൂലയിൽ, പൊങ്ങന്താനം



പൊങ്ങന്താനം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ സഹവികാരിയായും വികാരിയായും ശുശ്രൂഷ ചെയ്തു കർത്തൃസന്നിധിയിലേക്ക് കടന്നുപോയ ഭാഗ്യസ്മരണാർഹനായ പ്ലാപ്പറമ്പിൽ വല്യച്ചനേക്കുറിച്ചുള്ള ചില ഓർമ്മകളും ഞങ്ങൾക്കുണ്ടായിട്ടുള്ള ചില നല്ല അനുഭവങ്ങളുമാണ് ഇവിടെ കുറിക്കുവാൻ ശ്രമിക്കുന്നത്.

ബഹുമാനപ്പെട്ട അച്ചൻ ഈ ഇടവകയിൽ കടന്നുവന്ന് ആദ്യത്തെ കുർബ്ബാന അർപ്പിക്കുന്നത് 1940 -ലെ പെസഹാദിവസമാണ്.

ഈ ഇടവകയിലെ സൺഡേസ്കൂളിൽ നിന്ന് 1991 -ൽ പ്രസിദ്ധീകരിച്ച സ്മരണികയിൽ ബഹുമാനപ്പെട്ട അച്ചനെകുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

''പൊങ്ങന്താനം ഇടവകയുടെ ബാലാരിഷ്ടതയും സൺഡേസ്കൂളിന്റെ ശൈശവദശയും തീരുന്നതിനുമുമ്പ് സർവ്വഥാ യോഗ്യനായ ഒരു ഇടയനെ ദൈവം അയച്ചുതന്നു. കർമ്മധീരനായ ഒരു യുവ വൈദികൻ ബഹുമാനപ്പെട്ട പ്ലാപ്പറമ്പിൽ കെ.കെ. ജോർജ്ജ് കത്തനാർ".

1944-ൽ ബഹുമാനപ്പെട്ട പ്ലാപ്പറമ്പിൽ അച്ചനെ ഈ ഇടവകയുടെ അസിസ്റ്റന്റ് വികാരിയായി നിയമിച്ചു. അന്ന് വികാരിയായിരുന്ന ബഹുമാനപ്പെട്ട കളപ്പുരയ്ക്കൽ അച്ചന് ജറുശലേം പള്ളിയുടെ പൂർണ്ണ ചുമതല ഉണ്ടായിരുന്നതിനാൽ പൊങ്ങന്താനം പള്ളിയുടെ പരിപൂർണ്ണ ചുമതലയും നിർവ്വഹിച്ചുകൊണ്ടിരുന്നത് വന്ദ്യനായ പ്ലാപ്പറമ്പിൽ അച്ചൻ ആണ്.

1949-ൽ ബഹുമാനപ്പെട്ട കളപ്പുരയ്ക്കൽ അച്ചൻ പൊങ്ങന്താനം പള്ളിയുടെ വികാരിസ്ഥാനത്തുനിന്നും മാറുകയും വന്ദ്യനായ പ്ലാപ്പറമ്പിൽ അച്ചൻ വികാരിസ്ഥാനം ഏൽക്കുകയും ചെയ്തു.

അന്ന് ഭാഗ്യസ്മരണാർഹനായ കളപ്പുരയ്ക്കൽ അച്ചൻ അദ്ദേഹത്തിന്റെ ഡയറിയിൽ കുറിച്ചിരുന്നത് ഇപ്രകാരമാണ്. "**പ്ലാപ്പറമ്പിൽ അച്ചൻ സൽസ്വഭാവിയും ദൈവഭക്തനും ഭരണസാമർത്ഥ്യമുള്ള ദേഹവുമാകയാൽ പൊങ്ങന്താനം പള്ളിയുടെ ഭാവി ശോഭനമായിരിക്കുമെന്നുള്ള ദൃഢവിശ്വാസത്തിൽ എനിക്ക് ആശങ്ക കൂടാതെ പള്ളിഭരണം കൈമാറുന്നതിന് സാധിച്ചു.**" ഇത് എത്രയോ വലിയ സത്യം ആയിരുന്നു എന്നുള്ളത് കാലം തെളിയിച്ചുതന്നു.

വന്ദ്യനായ അച്ചൻ പൊങ്ങന്താനം പള്ളിയിൽ ശുശ്രൂഷ ആരംഭിച്ച കാലത്ത് ഇടവക സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നിൽ ആയിരുന്നു. പലപ്പോഴും പള്ളി സെക്രട്ടറിയുടെ ചുമതലകളും അച്ചൻ നിർവ്വഹിക്കേണ്ടിവന്നിട്ടുണ്ട്. നല്ല പാർപ്പിടങ്ങളോ ആവശ്യമായ വഴികളോ ഒന്നും ഇല്ലാതിരുന്ന ആ കാലത്ത് നടപ്പാതകളിൽകൂടി നടന്ന് പൊങ്ങന്താനത്ത് എത്തുന്നതിന് അദ്ദേഹത്തിന് യാതൊരു വൈമനസ്യവും ഉണ്ടായിരുന്നില്ല. **മഴയും വെയിലും ഇല്ലെങ്കിൽ പോലും അച്ചൻ കൊണ്ടുനടക്കുന്ന ആ വലിയ കാലൻകുട നിവർത്തിപ്പിടിച്ച് ഇരുവശങ്ങളിലേക്കും ശ്രദ്ധിക്കാതെ തല അല്പം കുനിച്ചുള്ള നടത്തം ഇന്നും ഓർമ്മയിൽ നിൽക്കുന്നു. അച്ചനെ വളരെ അകലെ കാണുമ്പോൾ തന്നെ എതിരേവരുന്നവരും, ഇരുവശങ്ങളിലും നിൽക്കുകയോ ചെയ്യുന്നവരും ജാതിമതഭേദമന്യേ തലയിലോ തോളത്തോ ആയിരിക്കുന്ന രണ്ടാംമുണ്ട് എടുത്ത് വലതു കയ്യിൽ തൂക്കിയിട്ട് ഒതുങ്ങി നില്ക്കും.** അവരോട് എന്തെങ്കിലും സംസാരിക്കാതെ, വിശേഷം അന്വേഷിക്കാതെ അച്ചൻ മുമ്പോട്ടു കടന്നു പോകാറില്ല.

സാമ്പത്തികമായി പിന്നോക്കം നിന്ന ഇടവകയുടെ സാമ്പത്തിക പുരോഗതിക്കായി വളരെ കാര്യങ്ങൾ അച്ചൻ ചെയ്തു. അതോടൊപ്പം ആത്മീകവും ഭൗതികവും സാമൂഹ്യവുമായ പുരോഗതിക്ക് ആവശ്യമായ കാര്യങ്ങൾ, ദീർഘവീക്ഷണത്തോടും സൂക്ഷ്മതയോടും ദൈവാശ്രയത്തോടും കൂടി നിർവ്വഹിച്ചു.

ശനിയാഴ്ച വൈകുന്നേരം പള്ളിയിൽ എത്തുന്ന അച്ചൻ സന്ധ്യാനമസ്ക്കാരം കഴിഞ്ഞാൽ, ശുശ്രൂഷകരെ, സുറിയാനി ആരാധനാഗീതങ്ങൾ, സഭാചരിത്രം, വിശ്വാസസത്യങ്ങൾ തുടങ്ങിയവ പഠിപ്പിക്കും. **ശുശ്രൂഷകർ കുറവുള്ളവർ ആകാൻ പാടില്ല. അത് അദ്ദേഹത്തിനു നിർബ്ബന്ധമുള്ള കാര്യം ആയിരുന്നു.** ആദ്യകാല ശുശ്രൂഷകർ വളരെകഴിവും കർമ്മശേഷിയുമുള്ളവരായിരുന്നതിന്റെ കാരണം അതാണ്. ആദ്യകാലങ്ങളിൽ സൺഡേസ്കൂൾ കുട്ടികൾക്ക് പൊതുക്ലാസ്സുകളിൽ, സഭാചരിത്രം, വിശ്വാസസത്യങ്ങൾ, ആരാധനാ ക്രമങ്ങൾ മുതലായവ പഠിപ്പിക്കുവാൻ അച്ചൻ സമയം കണ്ടെത്തുമായിരുന്നു. പിന്നീട് അദ്ധ്യാപകർ എടുക്കുന്ന പൊതുക്ലാസ്സുകൾ നിരീക്ഷിക്കുകയും ക്ലാസ്സുകൾക്കുശേഷം അദ്ധ്യാപകർ കൂടുമ്പോൾ, കുറവുകൾ ചൂണ്ടികാണിക്കുകയും, അഭിനന്ദനങ്ങൾ കൊണ്ടും നല്ലവാക്കുകൾകൊണ്ടും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു,

വന്ദ്യനായ അച്ചന് **ഈ ഇടവകയുമായുള്ള ബന്ധം തലമുറകളുടേതാണ്. ഏതാണ്ട് നാലുതലമുറകളുമായി ബന്ധമുണ്ട്, രണ്ടും മൂന്നും തലമുറകളിൽപെട്ടവരുടെ മാമ്മോദീസായും വിവാഹവും നാലാം തലമുറയുടെ മാമ്മോദീസായും അച്ചൻ നിർവഹിച്ചിട്ടുണ്ട്.** ഓരോ വ്യക്തിയേയും അച്ചന് വ്യക്തിപരമായി അറിയാമായിരുന്നു. "ആടുകളെ പേർചൊല്ലി വിളിക്കുന്ന ഇടയൻ". ഓരോരുത്തരുടെയും ആവശ്യങ്ങളും പ്രശ്നങ്ങളും സ്വഭാവവിശേഷങ്ങളും അറിയാമായിരുന്നു വന്ദ്യനായ അച്ചന്. ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും തരുവാൻ സർവ്വദാ സന്നദ്ധനായിരുന്നു. ഒരിക്കൽ അച്ചനോട് ഒരു പ്രശ്നത്തേക്കുറിച്ച് പറഞ്ഞാൽ, പിന്നീട് കാണുമ്പോൾ "**തന്റെ ആ പ്രശ്നം ഇങ്ങനെ അല്ലേ പരിഹരിക്കപ്പെട്ടത്, അതു ഞാൻ അന്നുതന്നെ കണ്ടിരുന്നു**" എന്നു പറയുമായിരുന്നു. അത് പൂർണ്ണമായും ശരിയുമാകുമായിരുന്നു.

ചെറിയ ഒരു പള്ളി മേടയാണ് ഇവിടെ ഉണ്ടായിരുന്നത്. ആവശ്യത്തിന് ഉപകരണങ്ങളും ഉണ്ടായിരുന്നില്ല. ഇന്നു

ശേഷം 3-ാം പേജിൽ

ഇടയനാദം

ഇടയശ്രേഷ്ഠന് പ്രണാമം

പൗരോഹിത്യത്തിലേയ്ക്കുള്ള ദൈവവിളി മനസ്സിലാക്കി ഗുരുഭൂതന്മാരുടെ പാദപീഠത്തിലിരുന്ന് വൈദിക വിദ്യാഭ്യാസം പൂർത്തീകരിച്ച് പൗരോഹിത്യപദം സ്വീകരിച്ച പ്ലാപ്പറമ്പിൽ ദിവ്യശ്രീ കെ.കെ. ജോർജ്ജ് കശ്ശീശ തൊണ്ണൂറ്റിയൊമ്പത് വയസ്സ് പൂർത്തിയാക്കി ദൈവസന്നിധിയിലേയ്ക്ക് എടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ ജീവിതം ശാന്തസുന്ദരമായിരുന്നു. ദൈവകൃപയുടെ നിറവ് പ്രാപിച്ച ഈ ശ്രേഷ്ഠ പിതാവ് തോട്ടയ്ക്കാടിന്റേയും പൊങ്ങന്താനത്തിന്റേയും അംഗീകരിക്കപ്പെട്ട നേതാവുകൂടിയായിരുന്നു.

ബഹുമാനപ്പെട്ട ജോർജ്ജച്ചൻ തത്വാധിഷ്ഠിത ജീവിതത്തിന്റെ ഉടമകൂടിയായിരുന്നു. തന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ച രണ്ട് ഗുരുക്കന്മാരെകുറിച്ച് അദ്ദേഹം പറയാറുണ്ടായിരുന്നു. ഒന്ന് വട്ടശ്ശേരി തിരുമേനി, രണ്ട് ഗീവറുഗ്ഗീസ് ദ്വിതീയൻ ബാവാ. ഇവരുടെ രണ്ടുപേരുടേയും സ്വാധീനമാണ് അച്ചനെ വലിയൊരു സഭാസ്നേഹിയാക്കിയത്. സഭാക്കേസിൽ വാദിയായും പ്രതിയായും ഒക്കെ അച്ചന് പ്രവർത്തിക്കേണ്ടി വന്നിട്ടുള്ളത് ഈയൊരു പശ്ചാത്തലത്തിലാണ്.

സഭയുടെ അച്ചടക്കം പാലിക്കുന്നതിന് അച്ചൻ സദാ സന്നദ്ധനായിരുന്നു. എന്നാൽ സ്ഥാനമാനങ്ങളൊന്നും അച്ചൻ മോഹിച്ചിരുന്നില്ല. സമ്മതിച്ചിരുന്നെങ്കിൽ സഭയിലെ ഏതു സ്ഥാനവും അദ്ദേഹത്തിന് ലഭിക്കുമായിരുന്നു. സഭയുടെ അച്ചടക്കം പാലിക്കാതെ സ്ഥാനമാനങ്ങൾ കൈയടക്കാൻ ശ്രമിക്കുന്ന ഇന്നത്തെ തലമുറയ്ക്ക് അനേകകാര്യങ്ങൾ അച്ചനിൽനിന്നും കണ്ടുപഠിക്കാനുണ്ട് എന്നതൊരു സത്യമാണ്.

പൗരോഹിത്യത്തിന്റെ പ്രഥമ ചുമതല ആരാധനയും പ്രാർത്ഥനയുമാണ്. ദയറായ സ്ഥാനങ്ങൾ ഒന്നും അച്ചൻ സ്വീകരിച്ചില്ലെങ്കിലും ഒരു ഉത്തമ ദയറായക്കാരനെ പോലെ ആരാധനയിലും പ്രാർത്ഥനയിലും മുഴുകിയാണ് അദ്ദേഹം ജീവിച്ചത്.

ലോകനേട്ടങ്ങൾ ലക്ഷ്യമിടാതെ യഥാർത്ഥ കർത്ത്യസേവയാണ് അദ്ദേഹം നിർവഹിച്ചത്. അതുകൊണ്ട് ലോകത്തിൽ അധികം നിക്ഷേപമില്ല. അച്ചന്റെ നിക്ഷേപം സ്വർഗ്ഗത്തിലാണ്. ഉത്തമനും വിശ്വസ്തനുമായ കാര്യവിചാരകനെന്നനിലയിൽ അദ്ദേഹത്തിന്റെ പ്രതിഫലവും സ്വർഗ്ഗത്തിൽ വലുതായിരിക്കും.

ദാർഘായുസ് നൽകിയ ദൈവം അദ്ദേഹത്തിന്റെ നാളുകളെ സമാധാനപരമാക്കി അനുഗ്രഹിച്ചു. വാർദ്ധക്യത്തിൽ പിസ്ഗാ കൊടുമുടിയിലിരുന്ന് കനാൻ നാടു കാണാൻ മോശയ്ക്ക് ഭാഗ്യം നൽകിയതുപോലെ വാർദ്ധക്യമാകുന്ന കൊടുമുടിയിലിരുന്ന് സ്വർഗ്ഗകനാൻ കാണാൻ അദ്ദേഹത്തെ ദൈവം അനുഗ്രഹിച്ചു.

പരാതികളും പരിഭവങ്ങളും അധികം ഇല്ലാതിരുന്ന അച്ചൻ എപ്പോഴും ഒരു ശുഭാപ്തിവിശ്വാസിയായിരുന്നു. കുടുംബാംഗങ്ങളേയും ഇടവകജനങ്ങളേയും അച്ചൻ നന്നായി സ്നേഹിച്ചു. തന്റെ അടുക്കൽ വരുന്നവരെ എണ്ണ കൊണ്ട് നെറ്റിയിൽ കുരിശുവരച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു.

താൻ സ്നേഹിച്ച കുടുംബാംഗങ്ങളേയും ഇടവകജനങ്ങളേയും അനുഗ്രഹിച്ച് കാലയവനികക്കപ്പുറത്തേയ്ക്ക് മാറ്റപ്പെട്ട അച്ചൻ ദൈവസന്നിധിയിൽ അർപ്പിക്കുന്ന 'വാനവ ബലിയിൽ' നമ്മെയും ഓർക്കും. സ്നേഹനിധിയായ വല്യച്ചന്റെ സ്മരണകൾക്കു മുന്നിൽ തൊഴുകൈകളോടെ പ്രണാമം അർപ്പിക്കുന്നു.

റവ. ഫാ. പി.എ. തോമസ് കളരിക്കൽ
വികാരി

വീണത് വടവൃക്ഷം

പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്
(പ്രിൻസിപ്പൽ,
ബസേലിയസ് കോളജ്, കോട്ടയം)

ലോകപ്രശസ്ത ദാർശനികനും ദൈവശാസ്ത്രജ്ഞനുമായിരുന്ന ഡൽഹി ഭദ്രാസനാധിപൻ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ ഡോ. സുകുമാർ അഴീക്കോട് 'മലയാള മനോരമ'യിൽ എഴുതിയ അനുസ്മരണാലേഖനത്തിന്റെ തലക്കെട്ടാണ് ഞാൻ മുകളിൽ കടംകൊണ്ടത്. കടപുഴകി വീണത് ഒരു വടവൃക്ഷമാണെന്ന അദ്ദേഹത്തിന്റെ അന്നത്തെ അഭിപ്രായം ആദരണീയനായ പ്ലാപ്പറമ്പിലച്ചന്റെ വിടവാങ്ങലിനെപ്പറ്റിയും തെല്ലും അതിശയോക്തിയില്ലാതെ പറയാം.

99 വയസ്സ് പൂർത്തിയാക്കിയ ഒരു വന്ദ്യവൈദികൻ ദൈവസന്നിധിയിലേക്ക് മടക്കിവിളിക്കപ്പെടുമ്പോൾ അതിൽ ദുഃഖിക്കാൻ ഏറെയില്ല. ആസ്ത്മാ കലശലാകുമ്പോൾ സദാ ഇൻഹേലറുമായി നടന്നിരുന്ന ആ സന്യാസവൈദികൻ ഇനിയും അധികം ജീവിച്ചിരുന്നെങ്കിൽ അത് ക്ലേശകരമാകുമായിരുന്നു. എങ്കിലും അദ്ദേഹം അവശേഷിപ്പിച്ചുപോയ ഏറെ പാഠങ്ങൾ നമുക്ക് ചികഞ്ഞെടുത്ത് പഠിക്കാനുണ്ട്, സ്വാംശീകരിക്കാനുണ്ട്.

പരിശുദ്ധ പാമ്പാടി തിരുമേനിയിൽനിന്ന് ശെമ്മാശുപട്ടവും, പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്ന് കശ്ശീശാപട്ടവും സ്വീകരിച്ച അദ്ദേഹം ആ പുണ്യപിതാക്കന്മാരുടെ മാതൃക പിൻപറ്റി തികഞ്ഞ ജീവിതവിശുദ്ധി പാലിച്ചു എന്നത് ഏവരും അംഗീകരിക്കുന്ന സത്യമാണ്. സ്ഥാനമാനങ്ങളോട് അദ്ദേഹത്തിനുള്ള വിപ്രതിപത്തി എടുത്തുപറയേണ്ടതാണ്. വെച്ചുനീട്ടപ്പെട്ട മെത്രാൻ, റമ്പാൻ, കോറെപ്പിസ്ക്കോപ്പാ പദവികളെ നിർമ്മമതയോടെ അദ്ദേഹം തിരസ്ക്കരിച്ചു. അത് അർഹതയില്ലാഞ്ഞിട്ടോ പ്രാഗത്ഭ്യമില്ലാഞ്ഞിട്ടോ ആയിരുന്നു എന്ന് ആരും പറയില്ല. സമുദായക്കേസിൽ തന്റെ സഭയുടെ സ്വാതന്ത്ര്യവും ആത്മാഭിമാനവും സംരക്ഷിക്കാൻ തലയുയർത്തിപ്പിടിച്ചുനിന്ന് ദൃഢസ്വരത്തിൽ സാക്ഷിപറഞ്ഞ കൊച്ചുശെമ്മാശ്ശന്റെ അറിവോ കഴിവോ ആരും ചോദ്യം ചെയ്യില്ലല്ലോ? എങ്കിലും ലാഭമായിരുന്നതൊക്കെയും ക്രിസ്തുനിമിത്തം ഛേദമെന്ന് എണ്ണുവാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു.

പൗരോഹിത്യ സപ്തതിയുടെ നിറവിലെത്തിയ ബഹു. അച്ചനെ മാതൃ ഇടവകയായ തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ 2010 ജൂലൈ 1-ാം തീയതി ആദരിച്ചപ്പോൾ അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്തായോടൊപ്പം അദ്ദേഹത്തിന് ആയുരാരോഗ്യമംഗളം നേരാൻ ഈ ലേഖകനും അവസരമുണ്ടായി. 70 വർഷം ഒരു പുരോഹിതനായി പ്രവർത്തിക്കാൻ കഴിയുക എന്നത് വളരെ വിരളമായി മാത്രം ലഭിക്കുന്ന അനുഗ്രഹമാണ്. അതിൽ അരനൂറ്റാണ്ടിലേറെക്കാലം ഗതാഗതസൗകര്യങ്ങളും മറ്റ് ആധുനിക സംവിധാനങ്ങളുമൊന്നുമില്ലാതിരുന്ന ഒരു ഗ്രാമീണ ഇടവകയിൽ (പൊങ്ങന്താനം സെന്റ് തോമസ് ഇടവക) ലാഭേച്ഛയില്ലാതെ പ്രവർത്തിച്ചു എന്നത് അദ്ദേഹത്തിന്റെ മഹത്വത്തിന് മകുടം ചാർത്തുന്നു. ഇംഗ്ലീഷ് കവിതയുടെ പിതാവായ ജിയോഫ്രെ ചോസറുടെ 'കാന്റർബറി കഥകളിൽ' ഒരു നല്ല വൈദികന്റെ ആദർശവൽക്കരിക്കപ്പെട്ട ചിത്രമുണ്ട്. പട്ടണങ്ങളിലെ മുന്തിയ ദേവാലയങ്ങളിലെയും ഭദ്രാസനപ്പള്ളികളിലെയും വികാരിസ്ഥാനം നിരസിച്ച് പാവപ്പെട്ടവരുടെ ഇടയനായി തന്റെ ഗ്രാമീണ ഇടവകയിൽ പ്രതിഫലേച്ഛ കൂടാതെ ദീർഘനാളായി ശുശ്രൂഷിക്കുന്ന ഒരു പാവം വൈദികൻ - the poor parson. അദ്ദേഹത്തിന്റെ അപദാനങ്ങളുടെ വർണ്ണനകേട്ടാൽ നാം അതിശയിച്ചേക്കാം, ഈ പറയുന്നതു മുഴുവൻ വന്ദ്യ പ്ലാപ്പറമ്പിൽ അച്ചനെക്കുറിച്ചാണല്ലോ എന്ന് !

ഇംഗ്ലണ്ടിലെ ജോർജ് ആറാമൻ രാജാവ് മരിച്ചപ്പോൾ അന്നത്തെ പ്രധാനമന്ത്രി അനുശോചനപ്രസംഗം ആരംഭിച്ചത് ഇപ്രകാരമാണെന്ന് കേട്ടിട്ടുണ്ട്. "King George died. Long live the king." 'ജോർജ് ആറാമൻ രാജാവ് മരിച്ചു. പക്ഷേ പുതിയ രാജാവ് സിംഹാസനത്തിലേറിക്കഴിഞ്ഞു. ഇനി അദ്ദേഹം നീണാൾ വാഴട്ടെ'. പക്ഷേ, പ്ലാപ്പറമ്പിലച്ചനെപ്പോലുള്ള ഒരു വൈദികന്റെ തിരോധാനത്തെപ്പറ്റി ഇങ്ങനെ നിസ്സാരമായി പറഞ്ഞൊഴിയാനാവില്ല. അദ്ദേഹത്തിനു പകരക്കാരനാവാൻ പെട്ടെന്നാർക്കും കഴിയുകയുമില്ല. തലകുനിക്കാതെ, ആരെയും കൂസാതെ, തത്വങ്ങൾ ബലികഴിക്കാതെ, പ്രലോഭനങ്ങൾക്ക് അടിപ്പെടാതെ, താത്ക്കാലിക ലാഭങ്ങൾ നോക്കാതെ, കാർക്കശ്യത്തിന്റെ ആവരണത്തിനുള്ളിൽ മസൃണമായ ഹൃദയത്തിന്റെ സ്പന്ദനങ്ങളുമായി വേറിട്ടുനടന്ന ഒരു വലിയ വൈദികൻ അരങ്ങൊഴിയുമ്പോൾ ഒരു പകരക്കാരനെ വേഗം ചൂണ്ടിക്കാട്ടാനാവുമോ? ഇല്ല എന്ന് ഉത്തരം പറയുമ്പോൾ നാമെല്ലാവരും തലകുലുക്കി സമ്മതിച്ചുപോകും: 'വീണത് വടവൃക്ഷം തന്നെ.'

പ്ലാപ്പറമ്പിലച്ചൻ - മായാത്ത കാൽപാടുകൾ

എം.എം. ഏബ്രഹാം,
മരോട്ടിമൂട്ടിൽ, പൊങ്ങന്താനം

വന്ദ്യനായ പ്ലാപ്പറമ്പിലച്ചനെപ്പറ്റി ഒരിഅനുസ്മരണക്കുറിപ്പ് എഴുതുവാൻ അവസരം ലഭിച്ചതിൽ അദ്ദേഹത്തിന്റെ ആത്മീയ മക്കളിൽ ഒരാളായ ഞാൻ ഒരു ഭാഗ്യമായി കരുതുന്നു. വല്യമണ്ണിലച്ചന്റെ പിൻഗാമിയായി, ചെറിയ മഠത്തിൽ മല്പാന്റേയും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടേയും ഒക്കെ ശിഷ്യനായി, കല്ലാശ്ശേരിബാവായുടെ ഇഷ്ട സെക്രട്ടറിയായി സഭയുടെ പ്രതിസന്ധിഘട്ടത്തിൽ കല്ലാശ്ശേരി ബാവായോടൊപ്പം നിന്നുകൊണ്ട് മലങ്കര സഭയ്ക്കുവേണ്ടി ജില്ലാ കോടതിയിൽ കേസുകൾ നടന്നപ്പോൾ അതു നോക്കി നടത്തി സഭയിൽ ആകമാനം അറിയപ്പെട്ടിരുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബഹുമാനപ്പെട്ട അച്ചൻ. അച്ചനെ തേടി സ്ഥാനമാനങ്ങളും, അതോടൊപ്പം തന്നെ അന്നത്തെ കാലത്തെ സമ്പന്നമെന്നു പറയുന്ന പല പള്ളികളിൽ നിന്നുള്ള വിളികളും വന്നെങ്കിലും പൊങ്ങന്താനം പള്ളി ഉപേക്ഷിച്ചു പോകാതെ അച്ചന്റെ ഭാഷയിൽ "ഒരു മനുഷ്യായസുമുഴുവൻ" പൊങ്ങന്താനം പള്ളിയുടെ അമരക്കാരനായി ശുശ്രൂഷ ചെയ്തു. പൊങ്ങന്താനം ഇടവകയോടും ജനങ്ങളോടും അവസാനംവരെ അച്ചന് അത്രമാത്രം സ്നേഹം ഉണ്ടായിരുന്നു എന്ന് മനസിലാക്കുവാൻ സാധിച്ചിട്ടുണ്ട്. അടുത്തറിഞ്ഞവർക്ക് അച്ചൻ കാണപ്പെട്ട ദൈവവും ആയിരുന്നു.

അച്ചൻ പള്ളിയിൽ താമസിക്കുന്ന ദിവസങ്ങളിൽ പ്രാർത്ഥനയും പഠനവും കഴിഞ്ഞ് ഞങ്ങൾ പോരുമ്പോൾ വെളിച്ചത്തിന് മെഴുകുതിരി എടുത്താൽ **അത് പള്ളിയുടേതാണ് അതിനുള്ള തുക ഭണ്ഡാരത്തിൽ ഇട്ടിട്ടു മാത്രമേ എടുക്കാവൂ** എന്ന് ഉപദേശിക്കുമായിരുന്നു. അച്ചൻ സ്വന്ത ആവശ്യത്തിന് പള്ളിയിൽ നിന്നും ഒരു കവർ എടുത്താൽപോലും അതിന്റെ പൈസ പള്ളി ഭണ്ഡാരത്തിൽ ഇടാറുമുണ്ടായിരുന്നു. പള്ളിക്കുവേണ്ടി എന്തെങ്കിലും ഒരു സാധനം വാങ്ങിയ്ക്കണമെങ്കിൽ അതിനെപ്പറ്റി അറിയാവുന്ന ആളുകളോടെല്ലാം ചോദിച്ച് ഏറ്റവും നല്ലതുമാത്രമേ വാങ്ങിക്കുമായിരുന്നുള്ളു. എന്തെങ്കിലും നിർമ്മാണ പ്രവർത്തനം നടത്തുവാൻ തീരുമാനിച്ചാൽ അതു സംബന്ധിച്ച് വിഗ്ദ്ധന്മാരുടെ അഭിപ്രായങ്ങൾ ആരായുകയും ഇടവക ജനങ്ങളുടെ അംഗീകാരം തേടുകയും ചെയ്തിരുന്നു. മദ്ബഹായിലേക്ക് പുതിയത് എന്തെങ്കിലും വാങ്ങിയാൽ ഉടനെ തന്നെ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന പള്ളിക്ക് പഴയ സാധനങ്ങൾ കൊടുക്കുമായിരുന്നു.

അച്ചൻ പൊങ്ങന്താനം പള്ളിയിൽനിന്നും പോകുന്ന സമയത്ത് അച്ചന് വീട്ടിൽ മൂന്നു കാപ്പാസെറ്റ് ഉണ്ടായിരുന്നതിൽ ഒരെണ്ണം പൊങ്ങന്താനം പള്ളിക്കും, ഒരെണ്ണം തോട്ടയ്ക്കാട്ടു പള്ളിക്കും മൂന്നാമത്തേത് സ്വന്ത ആവശ്യത്തിനും വയ്ക്കുകയാണുണ്ടായത്. വള്ളിക്കാട്ടുബാവാ വലിയമണ്ണിലച്ചന് കൊടുത്ത ബാവായുടെ ഒരു കറുത്ത കുപ്പായം അച്ചനുകൊടുക്കയും അച്ചൻ അത് പൊങ്ങന്താനം പള്ളിയിൽ ബാവായുടെ കാപ്പയുടെ കൂടെ വളരെ നല്ല രീതിയിൽ പ്രതിഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്.

പൊങ്ങന്താനം പള്ളിക്ക് സൗകര്യപ്രദമായ പള്ളിമേട പണിയുന്നതിനും, പള്ളി പുതുക്കിപണിയുന്നതിനും നൽകിയ നേതൃത്വവും സാമ്പത്തിക സഹായവും ഞങ്ങൾ കൃതജ്ഞതയോടെ ഓർക്കുന്നു. അച്ചൻ സ്തേഫാനോസ് സഹദായുടെ വലിയ ഒരു ഭക്തനും, സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന വ്യക്തിയും ആയിരുന്നു. ഞാലിയാകുഴി മാർഗ്രീഗോറിയോസ് പള്ളിയുടെ സ്ഥാപനത്തിലും അത് ഇടവകപള്ളിയായി ഉയർത്തുന്നതിന്റേയും പിന്നിൽ അച്ചന്റെ ശക്തമായ പ്രേരണയും സഹായസഹകരണങ്ങളും ഉണ്ടായിരുന്നു. ഇടവക ഭരണത്തിന് ചെറുപ്പക്കാരായ പല വൈദികരും അച്ചന്റെ ഉപദേശം തേടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

മാതൃകായോഗ്യനായ പുരോഹിതൻ, വാത്സല്യ നിധിയായ പിതാവ്, അടിയുറച്ച ഓർത്തഡോക്സ് വിശ്വാസ സംരക്ഷകൻ, നിഷ്പക്ഷമതിയായ നേതാവ്, ഉത്തമഭരണാധികാരി, അനുകരണീയനായ ഗുരു എന്നീ നിലകളിൽ ഞങ്ങൾ എന്നും സ്മരിക്കുന്ന പ്ലാപ്പറമ്പിലച്ചന്റെ മദ്ധ്യസ്ഥത നമുക്കേവർക്കും അനുഗ്രഹമായിരിക്കട്ടെ.

തുടർച്ച

വന്ദ്യനായ പ്ലാപ്പറമ്പിൽ അച്ചൻ....
ഓർമ്മകളും അനുഭവങ്ങളും

കാണുന്ന മനോഹരമായ പള്ളിമേട വന്ദ്യനായ അച്ചന്റെ താല്പര്യത്തിന്റെ ഫലമാണ്. ഒരു പെരുമഴക്കാലത്ത് പള്ളിയുടെ മുഖവാരം ഇടിഞ്ഞുവീണു. അന്ന് വന്ദ്യനായ അച്ചൻ പറഞ്ഞു ഇപ്പോൾ നമുക്ക് പള്ളിമുറിയും മുഖവാരവും പണിയാം. പരിസരങ്ങൾ കൂടി ഭംഗിയാക്കിയിട്ട് പള്ളിയും പണിയണം. അച്ചന് ശാരീരികമായ ക്ഷീണവും രോഗങ്ങളും ഒന്നിനുപുറകെ ഒന്നായി ഉണ്ടായിക്കൊണ്ടിരുന്ന കാലത്താണ് (1990 - 1995) ഇന്നുള്ള മനോഹരമായ ദേവാലയം പണി തീർക്കുന്നത്. എല്ലാം പൂർത്തിയാക്കി പൊങ്ങന്താനം ഇടവകയെ ഈ നിലയിൽ എത്തിച്ചവന്ദ്യനായ അച്ചൻ പള്ളികൂദാശയുടെ പിറ്റേ ഞായറാഴ്ച പുതിയ പള്ളിയിൽ വിശുദ്ധകുർബ്ബാന അർപ്പിച്ചു. അച്ചന്റെ വിടവാങ്ങൽ പ്രസംഗത്തിൽ, **ഈ ഇടവകയേയും ഈ ദേശത്തേയും അനുഗ്രഹിച്ചു**. അനാരോഗ്യത്തെ അവഗണിച്ചുകൊണ്ട് പിന്നീടും അത്യാവശ്യസന്ദർഭങ്ങളിൽ വന്ദ്യനായ അച്ചൻ പള്ളിയിൽ എത്തുമായിരുന്നു.

വന്ദ്യനായ പിതാവേ ഞങ്ങൾ എന്നും അങ്ങയുടെ കാലടികളെ പിൻതുടരും. ആ മാധുര്യമേറിയ ശബ്ദം ഞങ്ങളുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കും.

അവിടുത്തെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട്.

THOMSON COMPUTERS

Thekkum Gopuram
Near Bharath Hospital
Kottayam - 686001
Phone: 04812565628
Mob: 9447567532

10 വർഷത്തെ സേവന പാരമ്പര്യം

V-GUARD

EUROTEK

MICROTEK
DIGITAL & SINEWAVE INVERTER
AN action GROUP COMPANY

Godrej

DIGITAL & SINE WAVE INVERTER
600VA to 10KVA

സവിശേഷതകൾ:-

- കറണ്ടില്ലാത്തപ്പോഴും ലൈറ്റ്, ഫാൻ, ടിവി, മിക്സി, കമ്പ്യൂട്ടർ മുതൽ ഫ്രിഡ്ജ്, മോട്ടോർ, ഏസി മുതലായ ഉപകരണങ്ങൾ വരെ പ്രവർത്തിപ്പിക്കാവുന്ന വിവിധ മോഡലുകൾ.
- കറണ്ടു പോകുമ്പോൾ പ്രവർത്തിച്ചുതുടങ്ങുവാൻ ഒട്ടും താമസമില്ല (Full Automatic).
- രാത്രികാലങ്ങളിൽ ഒരു സുരക്ഷാ സംവിധാനമായി പ്രവർത്തിക്കുന്നു.
- ഗ്യാരണ്ടിയും ഡോർസ്റ്റെപ്പ് സർവ്വീസും ലഭിക്കുന്നു.
- വർഷത്തിൽ ഒരിക്കൽ മാത്രം ജലനിരപ്പു ക്രമീകരിച്ചാൽ മതിയാവുന്ന സുദീർഘ ലൈഫുള്ള ***NIKKON FULL TUBULAR*** ബാറ്ററിയും ഒന്നിച്ചു ലഭിക്കുന്നു.

Sales & Service *All kinds of*
INVERTER, UPS, COMPUTER, PRINTER, SOLAR WATER HEATER, TUBULAR BATTERY



വല്യച്ചന്റെ ജീവിതത്തിലൂടെ

പിതാവ്
കുര്യൻ പ്ലാപ്പറമ്പിൽ, തോട്ടയ്ക്കാട്

മാതാവ്
ശോശാമ്മ വാഴക്കളത്ത്, കുമരകം

ജനനം
1913 ജൂൺ 6

ശെമ്മാശുപട്ടം
1934-ൽ അഭി. കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും (പാമ്പാടി തിരുമേനി)

വിദ്യാഭ്യാസം
എം. റ്റി. സെമിനാരി കോട്ടയം
എസ്. ബി. ഹൈസ്കൂൾ, ചങ്ങനാശ്ശേരി (E.S.S.L.C.)

പൂർണ്ണശെമ്മാശുപട്ടം
പരി. ഗീവറുഗീസ് ദ്വിതിയൻ കാതോലിക്കാ ബാവായിൽ നിന്നും കുണ്ടറ സെമിനാരിയിൽ വച്ച്

കശ്ശീശാ പട്ടം
1940 ജൂലൈ 1, പരി. ഗീവറുഗീസ് ദ്വീതിയൻ കാതോലിക്കാ ബാവായിൽ നിന്നും കുണ്ടറ സെമിനാരിയിൽ വച്ച്

നവപൂജാർപ്പണം
തോട്ടയ്ക്കാട്, പരിയാരം മാർ അപ്രേം പള്ളിയിൽ

1944-ൽ
പൊങ്ങന്താനം പള്ളി സഹവികാരിയായി ചുമതലയേറ്റു.

1949-ൽ
പൊങ്ങന്താനം പള്ളി വികാരിയായി ചുമതലയേറ്റു.

മരണം
2011 ജൂൺ 3

സേവനമനുഷ്ഠിച്ച പള്ളികൾ
പൊങ്ങന്താനം സെ. തോമസ്, കൂട്ടിക്കൽ സെ. മേരീസ്, കുറിച്ചി വലിയപള്ളി, മാർ അപ്രേം പള്ളി

*തുടർച്ച.....**സൂര്യതേജസ്സിനു കണ്ണീരോടെ വിട!!!***

യിരുന്നു. 53 വർഷക്കാലം അവരെ സ്നേഹിച്ച, അവരെ നയിച്ച ഈ ആചാര്യശ്രേഷ്ടനെ ഏറ്റം ആദരവായി സ്വീകരിച്ച് ഇടവകയിലേയ്ക്കുള്ള അന്ത്യയാത്രയിൽ ഇടവക മുഴുവനും സംബന്ധിച്ചു; ഒപ്പം നമ്മുടെ ഇടവകയും നാട്ടുകാരും അച്ചനെ സ്നേഹിച്ച മറ്റുള്ളവരും കൃത്യം 9 മണിക്ക് ആരംഭിച്ച നഗരികാണിക്കൽ പ്രത്യേക രഥത്തിൽ ബഹു. അച്ചന്മാരുടേയും കുടുംബാംഗങ്ങളുടേയും സാന്നിദ്ധ്യത്തിൽ നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ തോട്ടയ്ക്കാടു കവല, അമ്പലകവല, പൈലികവല വഴി പൊങ്ങന്താനത്തേയ്ക്ക് യാത്രതിരിച്ചു. യാത്രയിലുടനീളം വിവിധ ജാതി മതസ്ഥർ സന്യാസാചാര്യനെ ഒരു നോക്കു കാണുവാൻ വെമ്പൽകൊണ്ടു. എല്ലാ ജംഗ്ഷനിലും വിവിധ പള്ളികളുടേയും സംഘടനകളുടേയും പുഷ്പചക്രങ്ങൾ അർപ്പിക്കപ്പെട്ടു. പൊങ്ങന്താനം പള്ളിയിൽ തങ്ങളുടെ അജപാലകന് വിങ്ങിപ്പൊട്ടുന്ന ഹൃദയങ്ങളുമായി അവിടുത്തേയും സമീപ ഇടവകകളിലേയും സഭാമക്കൾ അന്ത്യോപചാരമർപ്പിച്ചു. തുടർന്ന് ചേർന്ന അനുശോചന സമ്മേളനത്തിൽ ബഹു. സംസ്ഥാന മുഖ്യമന്ത്രിയും മന്ത്രിമാരും മറ്റു നിരവധി പ്രമുഖരും അനുശോചന പ്രസംഗം നടത്തി. കത്തോലിക്കസഭയുടെ പുരോഹിതരും, കന്യാസ്ത്രീകളും, വിശ്വാസികളും അച്ചനെ അവസാനമായി കാണുവാൻ എത്തിയിരുന്നു.

തുടർന്ന് 12 മണിക്ക് തിരികെ ജന്മ ഇടവകയിലേയ്ക്ക് വന്ദ്യാചാര്യന്റെ ഭൗതിക ശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര ആരംഭിച്ചു. 200ൽപരം വാഹനങ്ങളുമായി യാത്രതിരിച്ച വിലാപയാത്ര ഞാലിയാകുഴി കൈതേപ്പാലം വഴി തോട്ടയ്ക്കാട് എത്തി. വിലാപയാത്രയിൽ ഒട്ടനവധി സ്ഥലങ്ങളിൽ പിതാവിന്റെ ശരീരത്തിൽ പുഷ്പചക്രങ്ങൾ വിവിധ ഇടവകക്കാരുടെ വകയായി സമർപ്പിക്കപ്പെട്ടു. വളരെ ഭംഗിയായി നടന്ന വിലാപയാത്രയിലുടനീളം സജീവമായി ഈ നാട്ടുകാർ മുഴുവൻ ഒത്തുചേർന്നു. അച്ചന്റെ ആഗ്രഹം പോലെ തന്നെ എല്ലാം കൃത്യമായും ഭംഗിയായും ചെയ്യുവാൻ സാധിച്ചതിൽ സ്വർഗസ്ഥനായ പിതാവിനോട് നാം എത്ര നന്ദിപറഞ്ഞാലും മതിയാകില്ല. 2 മണിക്ക് മാതൃഇടവകയിൽ എത്തിയ ഇടവകയുടെ പ്രിയപ്പെട്ട പിതാവ് തിങ്ങിനിറഞ്ഞ വാത്സല്യ മക്കളുടെ അന്ത്യോപചാരം ഏറ്റുവാങ്ങി പള്ളിയകത്തെ ശുശ്രൂഷകൾക്കായി പ്രവേശിച്ചു. പരി. കാതോലിക്കാ ബാവായുടെ കാർമ്മികത്വത്തിൽ കോട്ടയം ഇടവകയുടെ അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടേയും സഭയുടെ വിവിധ ഭദ്രാസനങ്ങളിലെ തിരുമേനിമാരുടേയും റമ്പാന്മാരുടേയും നൂറുകണക്കിന് വൈദികരുടേയും സാന്നിദ്ധ്യത്തിൽ ശുശ്രൂഷകൾ ആരംഭിച്ചു. കമനീയമായി അലങ്കരിച്ച വി. ദേവാലയത്തിൽ ഇടവകയുടെ പിതാവ് ശാന്തനും ഗംഭീരനുമായി കിടന്ന് സ്വന്തം മക്കളുടെ സ്നേഹ ഉപചാരങ്ങൾ സ്വീകരിച്ചു. വിവിധ മതനേതാക്കന്മാരും രാഷ്ട്രീയസമുദായികാചാര്യന്മാരും പള്ളിയിലെത്തി ഉപചാരം അർപ്പിച്ചു.

വന്ദ്യ ആചാര്യാ... സമാധാനത്തോടെ പോകുക...

അവസാനമായി താൻ ബലിയർപ്പിച്ച വി. മദ്ബഹായോടും വി. ത്രോണോസിനോടും പള്ളിയോടും തന്റെ വാത്സല്യ മക്കളോടും യാത്രപറഞ്ഞ് 3.30 ഓടുകൂടി തനിക്കു വേണ്ടി ഒരുക്കിയ കല്ലറയിലേയ്ക്ക്..... തന്റെ കൂടെ ഈ പള്ളിയിൽ ശുശ്രൂഷിച്ച മുൻഗാമികളുടെ സവിധേ ചേർന്നു. 4.30 ന് കബറടക്കം പൂർത്തിയായി. ഓരോരുത്തരേയും പേരു ചൊല്ലി വിളിച്ച് കുടുംബവിശേഷം തിരക്കാറുള്ള ഇടവകയുടെ പ്രിയ പിതാവിനെ വാത്സല്യമക്കൾ ശാന്തമായി ഉറങ്ങാൻ അനുവദിച്ച് പള്ളി പരിസരം വിട്ടു.

ഈ കബറടക്കവും ശുശ്രൂഷകളും വളരെ ഭംഗിയാക്കാൻ അക്ഷീണം പരിശ്രമിച്ച മുഴുവൻ ജനങ്ങളോടും, അന്ത്യോപചാരം അർപ്പിച്ച എല്ലാവരോടും പ്രത്യേകിച്ച് ഇതര ഇടവകക്കാരോടും, വിവിധ സഭാവിശ്വാസികളോടും, മറ്റു മതസ്ഥരോടും അച്ചൻ സ്നേഹിച്ച പൊങ്ങന്താനം ഇടവകക്കാരോടും യാത്രയിൽ സേവനസന്നദ്ധരായ പോലീസ് ഓഫീസർമാരോടും, വിവിധ നാട്ടുകാരോടും, രാഷ്ട്രീയ സാമുദായിക ആചാര്യന്മാരോടും, ഇതരസംഘടനകളോടും, മന്ത്രിമാരോടും, എം.എൽ.എ. മാരോടും, എം.പി. മാരോടും, ഇടവകയുടെ ആബാലവൃദ്ധത്തിന്റേയും നന്ദിയും സ്നേഹവും അറിയിക്കുന്നു.

മൂന്നുദിവസങ്ങളിലായി സഭയുടെ വിവിധ സ്ഥലങ്ങളിലെ പള്ളികളിൽ നിന്നുമെത്തിയ പുരോഹിതരോടും, ശെമ്മാശന്മാരോടും, ശുശ്രൂഷകരോടും, വിശ്വാസികളോടുമുള്ള നന്ദി അർപ്പിക്കുന്നു. കബറടക്ക ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച നി.വി.ഭി. ശ്രീ. മോറോൻ മാർ ബസ്സേലിയോസ് മാർത്തോമ്മ പൗലൂസ് ദ്വതിയൻ ബാവായോടും കോട്ടയം ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയോടും മറ്റു അഭിവന്ദ്യ തിരുമേനിമാരോടും റമ്പാച്ചന്മാരോടും ഉള്ള കൃതജ്ഞത അർപ്പിക്കുന്നു. പ്ലാപ്പറമ്പിലച്ചനോടൊപ്പം സേവനം അനുഷ്ടിച്ച നമ്മുടെ ഇടവകയിലെ മുൻ സഹവികാരിമാരോടും ഇടവകയുടെ കൊച്ചച്ചന്മാരോടുമുള്ള കൃതജ്ഞത അർപ്പിക്കുന്നു.

എല്ലാറ്റിനുപരി ഇത്രയും മനോഹരമായ യത്രയയപ്പ്, നഗരികാണിക്കൽ, കബറടക്ക ശുശ്രൂഷകൾ എല്ലാം എല്ലാം അച്ചൻ എങ്ങനെ ആഗ്രഹിച്ചുവോ അതുപോലെ തന്നെ നടത്തി ധന്യമാക്കി തീർത്ത സ്വർഗ്ഗീയ പിതാവിനോട് അളവറ്റ നന്ദിയും സ്തുതിയും അർപ്പിക്കുന്നു.

അവസാനമായി ..... എല്ലാ കാര്യങ്ങൾക്കും ഗൃഹസ്ഥനായിനിന്ന് മനോഹരമാക്കാൻ നേതൃത്വം നല്കിയ ഇടവകയുടെ പ്രിയപ്പെട്ട തോമസച്ചൻ. അവസരത്തിനൊത്തുയർന്ന് കർത്തവ്യനിരതനായി എല്ലാവരേയും ചേർത്തുകൊണ്ടുള്ള അച്ചന്റെ പ്രവർത്തനം ഏറ്റം ശ്ലാഘനീയമാണ്.

ഏതു പ്രശ്നങ്ങൾക്കും, സ്നേഹവചനങ്ങളിലൂടെയും, ശാസനകളിലൂടെയും ഒന്നിച്ചു നിർത്തിയ വന്ദ്യപിതാവിന്റെ അന്ത്യയാത്രയിൽ പള്ളി മാനേജിംഗ് കമ്മറ്റി, ട്രസ്റ്റി, സെക്രട്ടറി, വിവിധ ആത്മീയ സംഘടനകൾ, തെരഞ്ഞെടുക്കപ്പെട്ട വിവിധ കമ്മറ്റികൾ, കൺവീനേഴ്സ് തുടങ്ങി എല്ലാവരും അവസരോചിതമായി ഉണർന്നു പ്രവർത്തിച്ചു.

താൻ സഞ്ചരിച്ച വഴികളിൽ പ്രകാശകിരണങ്ങളെ അവശേഷിപ്പിച്ച വന്ദ്യ പ്ലാപ്പറമ്പിൽ കെ.കെ. ജോർജ്ജ് കശ്ശീശാ നമ്മുടെ ***ഇടവകയുടെ പ്രകാശ ഗോപുരമായി എന്നും പരിലസിക്കും.*** തന്റെ മുൻഗാമികളോടൊപ്പം അന്ത്യവിശ്രമം കൊള്ളുന്ന വന്ദ്യാചാര്യന്റെ അനുഗ്രഹം നമ്മോടും നമ്മുടെ തലമുറകളോടും എക്കാലവും ഉണ്ടായിരിക്കും.

സ്പന്ദിക്കുന്ന നിമിഷങ്ങൾ.......







Printed and Published by Chief Editor MANNA Publications on behalf of Pariyaram Mar Aprem Orthodox Youth Movement
Printed at Viswamatha Press, Kurisummoodu. Ph: 2724521